ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഹൈവേകളിൽ അമിത വേഗതയിൽ സഞ്ചരിക്കുന്ന വാഹനങ്ങൾക്കെതിരെ 279 IPC, 183-184 എം.വി. ആക്ട്, 118(ഇ) ഓഫ് കെ.പി. ആക്ട് എന്നീ വകുപ്പുകൾ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യും, പെറ്റി കേസുകൾ എടുത്തും, ബോധവൽക്കരണം നടത്തിയും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളായ സ്പീഡ് റഡാറുകൾ, സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ, ഇന്റർസെപ്റ്ററുകൾ തുടങ്ങിയവ ഉപയോഗിച്ച് അമിത വേഗത്തിൽ സഞ്ചരിക്കുന്ന വാഹനങ്ങളെ കണ്ടെത്തി മോട്ടോർ വാഹന നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പിഴ ഈടാക്കി വരുന്നുണ്ട്.

(ബി) വാഹനത്തിന്റെ നമ്പർ നോട്ട് ചെയ്ത് ആർ.സി. ഉടമകൾക്ക് നോട്ടീസ് നൽകി പിഴയടപ്പിച്ചുവരുന്നു. പിഴയടയ്ക്കാത്ത വാഹന ഉടമകൾക്കെതിരെ 15 ദിവസത്തിന് ശേഷം കോടതിയിൽ ചാർജ്ജ് മെമ്മോ തയ്യാറാക്കി ബഹുമാനപ്പെട്ട കോടതി മുമ്പാകെ അനന്തര നടപടികൾക്കായി സമർപ്പിച്ചു വരുന്നു. തുടർന്നും പിഴ അടയ്ക്കാത്തവർക്കെതിരെ ബഹുമാനപ്പെട്ട കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നു.

(സി) ഇത്തരം നിയമ ലംഘനങ്ങൾ കണ്ടെത്തുന്ന മുറയ്ക്ക് ഉടമസ്ഥർക്കെതിരെ/ ഡ്രൈവർമാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. ഹൈവേ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട റോഡുകളിൽ ഫ്ളൈയിംഗ് സ്ക്വാഡുകളും മറ്റ് പോലീസ് വാഹനങ്ങളും പട്രോളിംഗ് നടത്തി ഇത്തരം വാഹനങ്ങളെ കണ്ടെത്തി പിഴ ഈടാക്കുന്നതുൾപ്പെടെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഇന്റർസെപ്റ്റർ, സ്പീഡ് റഡാർ എന്നിവ ഉപയോഗിച്ചും അമിത വേഗതയിൽ പായുന്ന വാഹനങ്ങളെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ

23 (*173) ശ്രീ. വി. ശശി :

ശ്രീ. സി. ദിവാകരൻ :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത ബോധവൽക്കരണ പരിപാടി നടക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഈ പരിപാടി നിർത്താനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റോഡുകളുടെ ശോച്യാവസ്ഥ വാഹനാപകടങ്ങൾക്ക് കാരണമാകുന്നുണ്ടോ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ റോഡപകടങ്ങളും മരണങ്ങളും നടക്കുന്ന കരുനാഗപ്പള്ളി നാഷണൽ ഹൈവേയിൽ ട്രാഫിക് യൂണിറ്റ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) രാത്രികാല അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ, ഉണ്ടെങ്കിൽ വിശദമാക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. കരുനാഗപ്പള്ളി നാഷണൽ ഹൈവേയിൽ ട്രാഫിക് യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്.

(സി) രാത്രികാല അപകടങ്ങൾ ഒഴിവാക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹൈവേ പട്രോളിംഗ് സംവിധാനം നിലവിലുണ്ട്. കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന മേഖലകളിൽ സിഗ്നൽ ലൈറ്റുകളും സിഗ്നൽ ബോർഡുകളും സ്ഥാപിച്ച് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. രാത്രികാല അപകടങ്ങൾ ഒഴിവാക്കുന്നതിന് വാഹനം ഓടിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകുകയും, വളവുകളിലും റോഡ് കട്ടിംഗ് മീഡിയനുകളിലും റിഫ്ലക്ടറുകൾ സ്ഥാപിക്കുകയും റോഡുകളിലെ അപകട മേഖലകളിൽ മുന്നറിയിപ്പ് ബോർഡുകളും ഇല്ലുമിനേഷൻ സ്റ്റഡും റിഫ്ലക്ടറുകളും സ്ഥാപിക്കുകയും ചെയ്തുവരുന്നു. റോഡുകളിൽ തെരുവ് വിളക്കുകൾ പ്രവർത്തന യോഗ്യമാക്കുക, റോഡിലെ കുഴികൾ മൂടുക, ആവശ്യമായ സ്ഥലങ്ങളിൽ സിഗ്നലുകൾ സ്ഥാപിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. വാഹനങ്ങളുടെ വെളിച്ച ക്രമീകരണങ്ങൾ ശരിയായവിധം പാലിക്കാതെ വാഹനമോടിക്കുന്നവർക്കെതിരെ നടപടി സ്വീകരിച്ചും മദ്യപിച്ച് വാഹനം ഓടിക്കുന്നുണ്ടോയെന്ന് ഹൈവേ പോലീസിന്റെ സഹായത്തോടെ പരിശോധിച്ചും രാത്രികാലങ്ങളിൽ ദീർഘദൂരം ഡ്രൈവ് ചെയ്തുവരുന്ന ഡ്രൈവർമാർക്ക് സന്നദ്ധ സംഘടനകളുമായി ചേർന്ന് ചുക്ക് കാപ്പി വിതരണം ചെയ്ത് റിഫ്രഷ്മെന്റ് നടത്തിയും രാത്രികാല അപകടങ്ങൾ ഒഴിവാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

996/18

LIBRARY ARCHIVES Kerala Legislative Assembly